**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 131** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>പുതിയ കെട്ടിടത്തിലേക്ക് കുന്നംകുളം സബ് ട്രഷറിയുടെ പ്രവർത്തനമാറ്റം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എ. സി. മൊയ്തീൻ ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** കുന്നംകുളം മണ്ഡലത്തിലെ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന കുന്നംകുളം സബ്ട്രഷറി ഓഫീസ് പുതിയ കെട്ടിടത്തിലേക്ക് എന്നത്തേക്ക് മാറ്റി സ്ഥാപിക്കാനാകുമെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിച്ച് വരുന്ന കുന്നംകുളം സബ് ട്രഷറിക്കായി നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ അന്തിമ ഘട്ടത്തിൽ എത്തിയിട്ടുണ്ട്. കെട്ടിടത്തിലെ ഇന്റീരിയർ ഫർണിഷിംഗ് പ്രവൃത്തികൾ ത്വരിതഗതിയിൽ പുരോഗമിക്കുകയാണ്. പ്രസ്തുത കെട്ടിടത്തിന് കുന്നംകുളം മുൻസിപ്പാലിറ്റിയിൽ നിന്നും കെട്ടിട നമ്പർ ലഭ്യമായിട്ടുണ്ട്. പുതിയ കെട്ടിടത്തിൽ ട്രഷറി പ്രവർത്തിക്കുന്നതിന് ആവശ്യമായ സ്ട്രോംഗ് റൂം ഫിറ്റ്നസ് സർട്ടിഫിക്കറ്റ്, ഗാർഡ് റൂൾ എന്നിവ കൂടി യഥാക്രമം പൊതുമരാമത്ത് വകുപ്പ്, പോലീസ് അധികൃതർ എന്നിവരിൽ നിന്നും ലഭ്യമാകേണ്ടതുണ്ട്. ആയതിലേക്കായി ട്രഷറി ഓഫീസർ ബന്ധപ്പെട്ട അധികൃതർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. സ്ട്രോംഗ് റൂം ഫിറ്റ്നസ് സർട്ടിഫിക്കറ്റും, ഗാർഡ് റൂളും കൂടി ലഭ്യമാക്കി പുതിയ കെട്ടിടത്തിലേക്ക് ട്രഷറി പ്രവർത്തനം മാറ്റുന്നതിനുള്ള അനുമതിയ്ക്കായുള്ള പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് അനുമതി നൽകി കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതും തുടർന്ന് ട്രഷറി ഇടപാടുകൾക്ക് തടസ്സം വരാത്ത വിധം കംപ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും മറ്റ് സാധന സാമഗ്രികളും സുരക്ഷിതമായി പുതിയ കെട്ടിടത്തിലേക്ക് മാറ്റി ട്രഷറി പ്രവർത്തനം ആരംഭിക്കുന്നതുമാണ്.

**(ബി)** സബ്ട്രഷറിയുടെ പ്രവർത്തനം പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നതിന് എന്തെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത തടസ്സങ്ങൾ പരിഹരിച്ച് ട്രഷറി പ്രവർത്തനങ്ങൾ വേഗത്തിൽ പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

**<u>മറുപടി:</u>** കുന്നംകുളം സബ് ട്രഷറിയുടെ പ്രവർത്തനം പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നത് സംബന്ധിച്ച് നിലവിൽ തടസ്സങ്ങളൊന്നും തന്നെയില്ല. ട്രഷറി പ്രവർത്തനം പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നതിലേക്കായി നിർമ്മാണ പ്രവൃത്തികൾ ത്വരിതഗതിയിൽ നടത്തുന്നതിനും അനിവാര്യമായ സർട്ടിഫിക്കറ്റുകൾ/രേഖകൾ ബന്ധപ്പെട്ട അധികാരികളിൽ നിന്നും ലഭ്യമാക്കുന്നതിനുമുള്ള എല്ലാ നടപടികളും വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. പുതിയ കെട്ടിടത്തിലേക്ക് ട്രഷറി പ്രവർത്തനം മാറ്റുന്നതിനുള്ള അനുമതിക്കായുള്ള പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നതും ട്രഷറി പ്രവർത്തനം പുതിയ കെട്ടിടത്തിൽ ആരംഭിക്കുന്നതുമാണ്.

**സെക്ഷൻ ഓഫീസർ**